2. കൺസോർഷ്യും ഓഫ് നാഷണൽ ലൈഫ് ഫിനാൻസിംഗ് പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂട്ട്സ്, വഞ്ചിയൂർ, തിരുവനന്തപുരം.

3. നെഹ്റു കോളേജ് ഓഫ് എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, കോയമ്പത്തൂർ.

4. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മൺവിള, തിരുവനന്തപുരം.

5. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), കോ-ബാങ്ക് ടവേഴ്സ്, പി.എം.ജി. തിരുവനന്തപുരം(2 എണ്ണം)

6. സനാതന കർമ്മ വിദ്യാശാല, ബസന്ത് ഹാൾ, ആലപ്പുഴ.

7. ഡോൺ-ബോസ്കോ യൂത്ത് സെന്റർ സൊസൈറ്റി മണ്ണുത്തി, തൃശ്ശൂർ.

8. ചിൻമയ മിഷൻ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ട്രസ്റ്റ്, കണ്ണൂർ.

(സി) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായിട്ടല്ല നോ-ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയത്.

എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി., എന്നീ സ്ഥാപനങ്ങൾ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി. അംഗീകാരം നൽകാൻ നടപടി

72 (2931) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾ നൽകുന്ന വിവിധ യോഗ്യതാ സർട്ടിഫിക്കറ്റുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം സർട്ടിഫിക്കറ്റുകൾക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ സ്ഥാപനങ്ങൾ നൽകുന്ന പി.ജി.ഡി.സി.എ. സർട്ടിഫിക്കറ്റുകൾ ഹയർ സെക്കന്ററി സ്കൂളിൽ കമ്പ്യൂട്ടർ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly